# K.C.B.C. MADYAVIRUDHA SAMITHI
(Kerala Catholic Bishops' Council Temperance Commission)
STATE COMMITTEE
P.O.C Palarivattom, Kochi - 682 025

Chairman : Most. Rev. Dr. Yoohanon Mar Theodosius Catholic Bishop's House, Mudavoor P.O Muvattupuzha, Ernakulam Dt. 686 669
Vice-Chairmen : Most. Rev. Dr. Sebastin Thekethecheril, Vijayapuram Bishop's House, PB. Box 82 Kottayam Dt. 686001
: Most. Rev. Dr. Christudas R., Archbishop's House, Vellayambalam, Kowdiar P.O., Trivandrum 695003
General Secretary : Rev. Fr. John Areekal, St. Joseph's Catholic Church, Kuravankonam, Near Chashire Home, Kowdiar P.O., Trivandrum 695003, Tel. 9447022347, Email: johnareekal@gmail.com

All Kerala Press Release 14.06.2022

## സർക്കാരിന്റെ മദ്യനയം ഇരട്ടത്താപ്പ്: ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്

കൊച്ചി: സർക്കാരിന്റെ മദ്യനയം ഇരട്ടത്താപ്പാണെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പറഞ്ഞു.

പാലാരിവട്ടം പിഒസിയിൽ ചേർന്ന കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ ഘട്ടംഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന നയങ്ങളാണ് ആവിഷ്ക്കരിക്കുന്നത്. മദ്യലഭ്യത വർധിപ്പിച്ചശേഷം മദ്യഉപഭോഗം കുറയ്ക്കണമെന്നത് വ്യാമോഹം മാത്രമാണ്. നാട് മുടിഞ്ഞാലും വ്യക്തികൾ നശിച്ചാലും ഖജനാവ് നിറയണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. പ്രകടന പത്രികയിൽ പറഞ്ഞതുപോലെ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ബിഷപ് തുടർന്നു പറഞ്ഞു.

സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ വാർഷിക റിപ്പോർട്ടും സംസ്ഥാന ട്രഷറർ തോമസ്കുട്ടി മണക്കുന്നേൽ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. രാവിലെ നടന്ന പഠനശിബിരത്തിൽ "മദ്യനയത്തിന്റെ കാണാച്ചരടുകൾ" എന്ന വിഷയത്തിൽ സംസ്ഥാന വക്താവ് അഡ്വ. ചാർളിപോൾ ക്ലാസ് നയിച്ചു. പ്രോഗ്രാം സെക്രട്ടറി സി.എക്സ്. ബോണി, ആനിമേറ്റർ സിസ്റ്റർ അന്നാ ബിന്ദു, ജെസി ഷാജി, കെ.എസ്. കുര്യാക്കോസ്, സിബി ഡാനിയേൽ, ജോസ് കവിയിൽ, അന്തോണിക്കുട്ടി ചെതലൻ, സി.പി. ഡേവീസ്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജോയി പടിയാർത്ത് എന്നിവർ പ്രസംഗിച്ചു.

ആഗോള ലഹരി വിരുദ്ധദിനമായ ജൂൺ 26-ന് പ്രതിഷേധ സദസ്സുകളും ലഹരിവിരുദ്ധ റാലികളും സംഘടിപ്പിക്കാൻ തീരുമാനിച്ചു. 32 രൂപതകളിൽ നിന്ന് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

ഫാ. ജോൺ അരീക്കൽ

സെക്രട്ടറി, കെസിബിസി മദ്യവിരുദ്ധ സമിതി

ഫോട്ടോമാറ്റർ: കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന വാർഷിക സമ്മേളനം പാലാരിവട്ടം പിഒസിയിൽ സംസ്ഥാന ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ, സി. എക്സ്. ബോണി, അഡ്വ. ചാർളിപോൾ, സിസ്റ്റർ അന്നാബിന്ദു, ജെസി ഷാജി, തോമസ് മണക്കുന്നേൽ, പ്രസാദ് കുരുവിള, സി.പി. ഡേവീസ്, അന്തോണിക്കുട്ടി ചെതലൻ, കെ.എസ്. കുര്യാക്കോസ്, സിബി ഡാനിയേൽ, ജോസ് കവിയിൽ, എന്നിവർ സമീപം.